# ഒരു ചെഷസ്ക്യൂ പുറത്തു ചാടുന്നതെപ്പോൾ?

***ദേശാഭിമാനി***യിലെ മുതിർന്ന ഒരു ഉദ്യോഗസ്ഥനെ പുറത്താക്കിയിരിക്കുന്നത് വെറും കൈക്കൂലി കേസിലല്ല; ഒരു പണമിരട്ടിപ്പ് (ബ്ലേഡ്) സ്ഥാപനത്തിനു വേണ്ടി അവിഹിതമായി കാര്യങ്ങൾ നടത്തിക്കൊടുക്കാം എന്ന് വാഗ്ദാനം ചെയ്ത് പണം പിടുങ്ങിയതിനാണ്. മൂലധനമാണ് ഈ ലോകത്തെ അടിസ്ഥാന തിന്മയെന്ന് വിശ്വസിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ ആശയപ്രചാരണത്തിനു വേണ്ടിയുള്ള പ്രസിദ്ധീകരണം; അതിന്റെ തലപ്പത്തിരിക്കുന്ന ആൾ, സഹായം വാഗ്ദാനം ചെയ്യുന്നത് പണം കൊണ്ട് പണം കൊയ്യുന്ന ഒരു സ്ഥാപനത്തിന്; അതിന് പ്രതിഫലമായി സ്വീകരിക്കുന്നത് ഭീമൻ പണക്കിഴിയും. വൈരുധ്യാത്മക ഭൗതികവാദം എന്തെന്ന് വിശദീകരിക്കാൻ ഇതിലും മികച്ചൊരു ഉദാഹരണം ഇ.എം.എസ് അക്കാദമിയിൽ ക്ലാസ്സെടുക്കുന്നവർക്ക് വേറെ അന്വേഷിച്ച് നടക്കേണ്ടതില്ല. *ദേശാഭിമാനി* സംഭവം സംഭവിക്കാൻ പാടില്ലാത്ത അപവാദമാണ് എന്ന് ആശ്വസിക്കുന്നവരുണ്ടാകും. നിന്റെ ആശ്വാസം നിന്നെ രക്ഷിക്കട്ടെ.

മണിച്ചൻ എപ്പിസോഡ് നമുക്കറിയാം. പക്ഷേ, മണിച്ചൻ പാവപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസത്തിന്റെ തെളിനീർ വീഞ്ഞ് വിൽക്കുന്നവനായിരുന്നുവെന്ന് സമാധാനിക്കാം. ബൂർഷ്വാ സദാചാര/ധാർമികവാദികൾക്ക് കള്ളിനോടുള്ള സമീപനം നമുക്കില്ല. ചരിത്രപരമായ വൈരുധ്യാത്മകതയിൽ കള്ള് എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനനുസരിച്ചാണ് നാം അതിനോടുള്ള വസ്തുനിഷ്ഠമായ നിലപാട് സ്വീകരിക്കേണ്ടത്. മനസ്സിലാകാത്തവർ വിളപ്പിൽശാലയിലെ ഇ.എം.എസ് അക്കാദമിയിൽ അടുത്ത ആഴ്ച നടക്കുന്ന പാർട്ടി സ്കൂളിലെ പുതിയ ബാച്ചിൽ പേര് രജിസ്റ്റർ ചെയ്യുവിൻ.

മൂലധനത്തിനെതിരെ പടനയിച്ചവരെ മൂലധനം പിടികൂടി വിഴുങ്ങിയ കഥയാണ് യഥാർഥത്തിൽ ആഗോള മാർക്സിസത്തിന്റെ ചരിത്രം. ഈ കോളത്തിൽ പല തവണ പരാമർശിക്കപ്പെട്ട പുസ്തകമാണ് ബർലിൻ കുഞ്ഞനന്തൻ നായരുടെ *പൊളിച്ചെഴുത്ത്*. ചില്ലറക്കാരനല്ല ബർലിൻ. കമ്യൂണിസത്തിന്റെ തീക്ഷ്ണ യൗവന നാളുകൾ തൊട്ട് അതിന്റെ അകാല വാർധക്യ മരണം വരെ സോവിയറ്റ്, ജർമൻ കമ്യൂണിസ്റ്റ് പാർട്ടികളുടെ അടുക്കളക്കോലായിൽ ബെഞ്ചിട്ടിരുന്ന കമ്യൂണിസ്റ്റ് പത്രപ്രവർത്തകനാണ്. പാഠപുസ്തകങ്ങളിലെയും ഔദ്യോഗിക രേഖകളിലെയും മഹാന്മാരായ ജനകീയ നേതാക്കൾ എങ്ങനെയാണ് പണവും പകിട്ടും കാണുമ്പോൾ നമ്മുടെ *ദേശാഭിമാനി* ഉദ്യോഗസ്ഥനേക്കാൾ ഗംഭീരമായി വഴുക്കുന്നതെന്ന് കാണാൻ *പൊളിച്ചെഴുത്തി*ന്റെ താളുകളിലൂടെ വെറുതെയൊന്ന് കണ്ണോടിച്ചാൽ മതി.

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കളിൽ ഒരാളും പ്രസിദ്ധമായ കാൻപൂർ ഗൂഢാലോചനാ കേസിലെ നാലാം പ്രതിയും അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ ചെയർമാനുമായിരുന്ന എസ്.എ ഡാങ്കെയെക്കുറിച്ച്: 'ബോംബെയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ഒരു വാരികയാണ് ഡാങ്കെ ബ്രിട്ടീഷ് മില്ലുടമയായ സെസ്സോണിൽ നിന്ന് മാസപ്പടി പറ്റുന്ന വിവരം ആദ്യം പുറത്തുകൊണ്ടുവന്നത്. പിന്നീട് ഈ ആരോപണം തെളിയിക്കുന്ന രേഖകൾ പാർട്ടിക്കും കിട്ടി. ഡബ്ലിയു.എഫ്.ടി.യുടെ വൈസ് പ്രസിഡന്റെന്ന നിലക്ക് കിട്ടുന്ന പണം ഊഹക്കച്ചവടത്തിനും വിദേശ നിക്ഷേപം വർധിപ്പിക്കാനും ഉപയോഗിച്ചിരുന്നുവെന്നും പാർട്ടി നടത്തിയ അന്വേഷണത്തിൽ തെളിഞ്ഞു. ഈ പണം സ്വിസ് ബാങ്കിലാണ് നിക്ഷേപിച്ചത്. പാർട്ടി ആവശ്യപ്പെട്ടിട്ടും വിദേശ ബാങ്ക് നിക്ഷേപത്തെക്കുറിച്ച് ഡാങ്കെ വെളിപ്പെടുത്തിയില്ല. ഡാങ്കെ എം.പിയായിരുന്നപ്പോൾ വിദേശ വിനിമയ നിയമലംഘനത്തിന് അദ്ദേഹത്തിന്റെ വാസസ്ഥലമായ 4 അശോക റോഡിലെ ബംഗ്ലാവിൽ പോലീസ് റെയ്ഡ് നടത്തി. ഡാങ്കെയുടെ സ്വിസ് അക്കൗണ്ട് രേഖകൾ പിടിച്ചെടുക്കുകയും ചെയ്തു' (പേജ് 143). 'ദില്ലി ചാണക്യപുരിയിലാണ് വിദേശ എംബസികൾ അധികവും. അവിടത്തെ ന്യായാമാർഗിലെ രണ്ടാം നമ്പർ കെട്ടിടത്തിലാണ് 1964 മുതൽ ജർമൻ ജനാധിപത്യ റിപ്പബ്ലിക്കിന്റെ (ജി.ഡി.ആർ) കോൺസുലേറ്റും എംബസിയും പ്രവർത്തിച്ചത്. ചുറ്റും ഉദ്യാനങ്ങളുള്ള ഈ മനോഹര കെട്ടിടം ഗ്വാളിയോർ രാജകുടുംബത്തിന്റേതാണ്. വാടകക്ക് വാങ്ങിയ ഈ കെട്ടിടം വിലയ്ക്ക് കിട്ടുമോ എന്ന് ജർമൻ സർക്കാർ അന്വേഷിച്ചു. ഇക്കാര്യത്തിൽ ബന്ധപ്പെടാനും സഹായം തേടാനും സി.പി.ഐ ചെയർമാനായ ഡാങ്കെയെ ജർമൻ എംബസി ഉദ്യോഗസ്ഥർ സമീപിച്ചു. ഗ്വാളിയോർ രാജ്ഞി കെട്ടിടത്തിന് വില പറഞ്ഞു. ഇടനിലക്കാരന്റെ റോളിൽ പ്രവർത്തിച്ച ഡാങ്കെ ഒരു ദൂതൻ മുഖേന പത്തു ലക്ഷം രൂപ കമീഷൻ ആവശ്യപ്പെട്ടു (വെറും ഒരു ശതമാനം!). വിവരമറിഞ്ഞ് ജി.ഡി.ആറിലെ ഇന്ത്യൻ അംബാസഡർ ഷുസ്സർ ഞെട്ടി. വിവരം ജി.ഡി.ആർ പാർട്ടി പോളിറ്റ് ബ്യൂറോവിലുമെത്തി' (പേജ് 259).

മഹാനായ സോഷ്യലിസ്റ്റ് വിപ്ലവകാരിയായി മാർക്സിസ്റ്റുകൾ കൊണ്ടാടുന്ന യുഗോസ്ലാവ്യയിലെ മാർഷൽ ടിറ്റോയുടെ വിശേഷങ്ങൾ കേട്ടോളൂ: 'മാർഷൽ ടിറ്റോവിനെ ഇൻർവ്യൂ ചെയ്യാൻ ഞാൻ യാത്രയായി.... വിദേശകാര്യമന്ത്രാലയത്തിലെ ഒരു ഉദ്യോഗസ്ഥൻ എന്നെ അനുഗമിച്ചു. ഒരു മണിക്കൂർ കൊണ്ട് ഞങ്ങൾ സരയെവോ വിമാനത്താവളത്തിലിറങ്ങി. അവിടെ ഒരു ഹെലികോപ്റ്റർ റെഡിയായി നിൽക്കുന്നു. ഇതിലാണ് ടിറ്റോവിന്റെ സുഖവാസ കേന്ദ്രമായ ബ്രയോണി ദ്വീപിലേക്ക് പോയത്. ഒരു മണിക്കൂർ കൊണ്ട് ഞങ്ങൾ ദ്വീപിലെ പ്രസിഡന്റിന്റെ കൊട്ടാരത്തിന് മുമ്പിൽ ചെന്നിറങ്ങി. അവിടെയുള്ള അതിഥി മന്ദിരത്തിൽ ഞാൻ മൂന്ന് ദിവസം പ്രസി

ഡന്റ് ടിറ്റോവിന്റെ വിളിയും കാത്തിരുന്നു.

പ്രസിഡന്റ് ടിറ്റോയുടെ വിനോദ-വിശ്രമ കേന്ദ്രമായ ബ്രയോണി ദ്വീപ് ഭൂമിയിൽ തീർത്ത സ്വർഗമായിരുന്നു. ഇറ്റലിക്കും യുഗോസ്ലാവ്യക്കും ഇടയിലുള്ള ഈ ദ്വീപിൽ ടിറ്റോ സ്വന്തം സുഖസൗകര്യങ്ങൾക്കാണ് ഈ സ്വർഗലോകം പണിതുയർത്തിയിരിക്കുന്നത്. വർഷത്തിൽ ഒട്ടുമിക്ക സമയത്തും സുഖശീതളമായ കാലാവസ്ഥ അനുഭവപ്പെടുന്നുവെന്നതാണ് ഈ ദ്വീപിന്റെ പ്രത്യേകത. വടക്കൻ യൂറോപ്പ് ഹിമക്കട്ടകളിൽ മൂടിനിൽക്കുന്ന സമയത്തും ഈ കടലിടുക്കിൽ സുഖമായി മുങ്ങിക്കുളിക്കാം. നീന്തിത്തുടിക്കാം. പുരാതന കാലം മുതൽ മീൻ പിടിച്ച് ഉപജീവനം നടത്തുന്നവർ തിങ്ങിത്താമസിച്ചിരുന്നതായിരുന്നു ബ്രയോണി ദ്വീപ്. ആയിരക്കണക്കിന് മുക്കുവ കുടുംബങ്ങളെ മറ്റൊരു ദ്വീപിലേക്ക് പുനരധിവസിപ്പിച്ചാണ് 1948-ൽ ടിറ്റോ ഇവിടെ തന്റെ സ്വപ്നഭൂമി പടുത്തുയർത്തിയത്. ഹെലിപ്പാഡ്, അതിഥി മന്ദിരങ്ങൾ, ഹൗസ് ബോട്ടുകൾ, കുതിരസവാരിക്കുള്ള കടൽത്തീര ട്രാക്കുകൾ, കടലിലൂടെ ഊളിയിട്ടുപോകുന്ന കൊച്ചു മുങ്ങിക്കപ്പൽ (അത്യാധുനികമായ ഈ മുങ്ങിക്കപ്പൽ വൻ വില കൊടുത്ത് അമേരിക്കയിൽനിന്ന് വാങ്ങിക്കൊണ്ടുവന്നതാണ്), ആകാശസഞ്ചാരം നടത്താനുള്ള ഗ്ലൈഡർ സംവിധാനം, ആകാശത്തു പറക്കുന്നതിനിടയിൽ ഈ ഗ്ലൈഡർ കടലിൽ വീണുപോയാൽ വല കൊണ്ട് കോരിയെടുക്കാൻ സദാ സന്നദ്ധരായി നിൽക്കുന്ന സെക്യൂരിറ്റിക്കാർ, സഞ്ചരിക്കുന്ന ആശുപത്രി, ടെന്നീസ് കോർട്ടുകൾ, ചൂടുവെള്ളം പതയുന്ന നീന്തൽകുളങ്ങൾ, തൊട്ടടുത്ത് ഐസ് വെള്ളം നിറച്ച കുളം, ഇങ്ങനെ കോടാനുകോടീശ്വരന്മാർക്കു പോലും സ്വന്തമാക്കാൻ പ്രയാസമായ സുഖസൗകര്യങ്ങളാണ് ഈ സോഷ്യലിസ്റ്റ് രാഷ്ട്രത്തലവൻ ദ്വീപിൽ ഒരുക്കിയിരിക്കുന്നത്' (പേജ് 293, 294).

'1976-ൽ ജൂലായിൽ ബർലിനിൽ ചേർന്ന 26 യൂറോപ്യൻ കമ്യൂണിസ്റ്റ് പാർട്ടികളുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ വൻ പരിവാര സമേതമാണ് മാർഷൽ ടിറ്റോ എത്തിയത്... രണ്ട് ബോയിംഗ് വിമാനങ്ങളിലാണ് വൻ പരിവാര സമേതം ടിറ്റോ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയത്. ബ്രഷ്നേവിന് പോലും ഒരു വിമാനത്തിൽ കൊള്ളാവുന്ന പരിവാരങ്ങളേ ഉണ്ടായിരുന്നുള്ളൂ. 84-കാരനായ ടിറ്റോവിന്റെ മുടി കറുപ്പിക്കാനും ചീകി ഒതുക്കാനും മാത്രമായി മൂന്ന് ബ്യൂട്ടീഷൻമാർ; അതും സുന്ദരികളായ യുവതികൾ. നരച്ച മുടി ഡൈ ചെയ്യുക, ചീകിയൊതുക്കുക എന്നിവ മാത്രമാണ് ഈ യുവതികളുടെ ജോലികൾ. ടിറ്റോവിനെ വസ്ത്രങ്ങൾ അണിയിക്കാൻ വേറെ മൂന്ന് പേർ. പ്രസംഗങ്ങൾ തയാറാക്കാൻ വേറെ രണ്ടു പേരും. ഇതിനെല്ലാം പുറമെ അഞ്ച് പ്രൈവറ്റ് സെക്രട്ടറിമാരും അര ഡസനിലധികം അംഗരക്ഷകരും. പിണക്കത്തിലായതിനാൽ മൂന്നാമത്തെ ഭാര്യ ബിയാങ്ക വന്നില്ല' (പേജ് 293, 294). ആരാണ് ഈ ടിറ്റോ എന്ന് വ്യക്തമായില്ലേ. അത് പി. ഗോവിന്ദപിള്ള സാർ പറഞ്ഞുതരും. ബോസ്നിയയിലെ കൂട്ടക്കശാപ്പുകാരൻ സ്ലബദോൻ മിലോസവിച്ച് ഹേഗിലെ വിചാരണക്കോടതിയിൽ മരണപ്പെട്ടപ്പോൾ ധാർമികരോഷം പൂണ്ട് പി.ജി *മാതൃഭൂമി*യിലെഴുതിയ ലേഖനത്തിൽനിന്ന്: 'മഹാനായ ബാൾക്കൻ വിപ്ലവകാരിയും ഫാഷിസ്റ്റുവിരുദ്ധ പോരാട്ടത്തിലെ വീര നായകനുമായിരുന്ന മാർഷൽ ജോസിപ്ബ്രോസ് ടിറ്റോയുടെ വിശ്വസ്ത ശിഷ്യനായിരുന്നു മുൻ യുഗോസ്ലാവ് പ്രസിഡന്റ് സ്ലബദോൻ മിലോസവിച്ച്' (*മാതൃഭൂമി* ദിനപത്രം 2005 മാർച്ച് 17). അതു പോലൊരു ശിഷ്യൻ കൊച്ചിയിലെ *ദേശാഭിമാനി* ആപ്പീസിലിരിക്കുമ്പോൾ മാത്രം സഖാക്കളെന്തിനാണ് അയാളെ പിടിച്ച് പുറത്താക്കുന്നത്?

ഇനി സാക്ഷാൽ കമ്യൂണിസ്റ്റ് മക്കയായ സോവിയറ്റ് യൂനിയനിലെ കഥ ബർലിൻ നായർ പറഞ്ഞുതരും: 'രണ്ട് കിടപ്പു മുറികൾ, വിശാലമായ ഡ്രോയിംഗ് റൂം, അടുക്കള ഡൈനിംഗ് റൂം, വീതി കൂടിയ വരാന്ത, പുഴയിലേക്ക് കെട്ടിയൊതുക്കിയ പടവുകൾ, ഒരു മോട്ടോർ ബോട്ട്. ഇതെല്ലാം കുസ്തോബിന്റെ (സോവിയറ്റ് പാർട്ടി കേന്ദ്ര കമ്മിറ്റിയിലെ ഇന്ത്യാ കാര്യങ്ങളുടെ വിദഗ്ധൻ) സ്വകാര്യ സ്വത്താണ്. നഗരത്തിൽ ഇദ്ദേഹത്തിന് വാടക ഫ്ളാറ്റുണ്ട്. ഞാൻ സ്നേഹിക്കുന്നത് ഈ ദാച്ചയെ (ബംഗ്ലാവ്) ആണെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. നിരവധി ബ്യൂറോക്രാറ്റുകൾക്കും നേതാക്കൾക്കും ഇത്തരം ദാച്ചകൾ സ്വന്തമായുണ്ട്. ഇവിടത്തെ സൗകര്യങ്ങളെല്ലാം പാർട്ടിയുടെ ചെലവിൽ. നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ചാണ് ഇതെല്ലാം പലരും തട്ടിയെടുത്തത്.... സോവിയറ്റ് യൂനിയനിലെ ഭരണാധികാരവും രാഷ്ട്രീയാധികാരവും പരസ്പരം ഒട്ടിനിൽക്കുന്നതുകൊണ്ട് രാഷ്ട്രത്തിന്റെ അഭിവൃദ്ധിയുടെ ഫലമായുണ്ടായ സമ്പത്ത് സ്വന്തം സുഖസൗകര്യങ്ങൾക്കായി ധൂർത്തടിക്കുന്ന നേതൃനിര ബ്രഷ്നേവിന്റെ കാലം മുതൽ രൂപപ്പെട്ടു. ജനങ്ങൾ പാർട്ടിക്ക് നൽകുന്ന സംഭാവനകളും പൊതുസ്ഥാപനങ്ങളിലെ വരുമാനവും നേതാക്കൾക്ക് സുഖിച്ചുതീർക്കാനുള്ളതാണെന്ന ചിന്ത രൂഢമൂലമായി. സ്വന്തമായി ദാച്ചയും ഡോളർ സംസ്കാരവും സർവകലാശാലകൾ നൽകുന്ന ഡോക്ടറേറ്റ് ബിരുദവും പാർട്ടി നേതാക്കൾക്ക് അനിവാര്യമാണെന്ന നിലവന്നു. അതൊന്നും അഴിമതിയല്ലെന്ന വിശ്വാസവും.

'ബ്രഷ്നേവിന്റെ കാലത്ത് ഡോളർ അക്കൗണ്ടും ഡോക്ടറേറ്റും നേടാൻ പാർട്ടി നേതാക്കൾ പരക്കം പാഞ്ഞുതുടങ്ങിയിരുന്നു. ദാച്ചകൾ സ്വന്തമാക്കിയതോടെ ജോലിസമയത്തുപോലും അവിടെ ചെന്ന് സുഖിക്കുന്ന സ്ഥിതിവന്നു. മഴയും ഇടിയും ചുഴലിക്കാറ്റും വന്നാൽ ഉടൻ തന്റെ ദാച്ചയ്ക്കെന്തെങ്കിലും പറ്റിയോയെന്നറിയാൻ ഇവർ ഓടും...' (പേജ് 268, 269).

റുമാനിയൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയും 1965 മുതൽ 1989 വരെ റുമാനിയയുടെ പ്രസിഡന്റുമായിരുന്നു നിക്കൊളാസ് ചെഷസ്ക്യൂവിന്റെ കഥ പറയാൻ ബർലിൻ നായർ എന്തോ ധൈര്യം കാണിച്ചു കണ്ടില്ല. അച്ചടിക്കുന്ന കടലാസ് പോലും വിഭ്രമിച്ചുപോകുന്ന ക്രൂരതകളുടെയും സുഖഭോഗങ്ങളുടെയും വിശ്വമാതൃകയായിരുന്നുവല്ലോ ഈ സോഷ്യലിസ്റ്റ് കമ്യൂണിസ്റ്റ് നേതാവ്. 1989-ൽ ബുക്കാറസ്റ്റ് യൂനിവേഴ്സിറ്റിയിലെ വിദ്യാർഥികൾ തെരുവിലിറങ്ങി ചെഷസ്ക്യൂവിന്റെ കൊട്ടാരം പിടിച്ചെടുക്കുന്നതുവരെ പക്ഷേ, ഇത്തരം വിവരങ്ങൾ ആരും അറിഞ്ഞില്ല. ഇനി, വല്ല വിവരവും ആരെങ്കിലും പുറത്തു പറഞ്ഞാൽ തന്നെ, ഈ പീറ മീഡിയ സിന്റിക്കേറ്റിനെ വിശ്വസിക്കാൻ തൊഴിലാളിവർഗത്തെ എവിടന്നു കിട്ടാൻ?

ഇത്തരം കഥകൾ പലതും സോവിയറ്റ് കമ്യൂണിസ്റ്റ് ബ്ലോക്ക് ജീവനോടെ നിലനിൽക്കുന്ന കാലത്തു തന്നെ ധാരാളമായി പുറത്തുവന്നതാണ്. പക്ഷേ, അന്നൊരു സൗകര്യമുണ്ടായിരുന്നു. നന്നെച്ചുരുങ്ങിയത് കേരളത്തിലെങ്കിലും അത്തരം വാർത്തകളെയെല്ലാം ചരിത്രപരമായും വൈരുധ്യാത്മകമായും വിശകലനം ചെയ്തുകൊണ്ട് സൈദ്ധാന്തിക ലേഖനങ്ങൾ എഴുതാൻ ഇ.എം.എസ് ഉണ്ടായിരുന്നു. സാമ്രാജ്യത്വ പേനയുന്തി മാധ്യമങ്ങൾക്കെതിരെ അങ്ങനെ പാർട്ടി പ്രതിരോധക്കോട്ട കെട്ടി. ഇന്നും മാധ്യമ സിന്റിക്കേറ്റിനെ ആക്രമിച്ചുകൊണ്ട് പാർട്ടി അങ്ങനെയൊരു പ്രതിരോധം തീർക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, ഒരു നാൾ എ.കെ.ജി സെന്ററിൽനിന്ന് ഒരു ചെഷസ്ക്യൂവിനെ വിദ്യാർഥികൾ വലിച്ച് പുറത്തിടുന്നതു വരെ മാത്രമേ അത് നിലനിൽക്കുകയുള്ളൂവെന്ന് മാത്രം. ■